# പതിമൂന്നാം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.498 - 10/03/2015 - ലെ മറുപടിക്ക്**

## പ്രവാസി നിക്ഷേപം

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. എം.എ.ബേബി**<br>**ശ്രീ. കെ.വി.അബ്ദുൾ ഖാദർ**<br>**ശ്രീ.ടി.വി.രാജേഷ്**<br>**ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. കെ. എം. മാണി**<br>**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പ്രവാസി നിക്ഷേപം അടിസ്ഥാന വികസനത്തിനും മറ്റുമായി ഉചിതമായ തരത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപസാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും, ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക 'ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി മറ്റൊരു പുതിയ പദ്ധതിയും (engaging diaspora for investment in the state) ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിന്റെ പൊതുവികസനത്തിനും പ്രവാസി നിക്ഷേപകർക്കും പ്രയോജനകരമായ തരത്തിൽ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തുന്നതിന് ആലോചിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | |

*സെക്ഷൻ ഓഫീസർ*